# ജലാലുദ്ദീൻ ഉമരി ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ

**ന്യൂദൽഹി:** ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് അമീറായി പ്രമുഖ പണ്ഡിതൻ മൗലാനാ സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരിയെ തെരഞ്ഞെടുത്തു. ദൽഹിയിൽ നടന്ന ജമാഅത്ത് കേന്ദ്ര പ്രതിനിധിസഭയാണ് പുതിയ അധ്യക്ഷനെ തെരഞ്ഞെടുത്തത്. 17 വർഷമായി ജമാഅത്തിന്റെ അഖിലേന്ത്യാ ഉപാധ്യക്ഷനായി പ്രവർത്തിക്കുകയായിരുന്നു 72-കാരനായ ജലാലുദ്ദീൻ ഉമരി. 1935-ൽ തമിഴ്‌നാട്ടിലെ വടക്കൻ ആർക്കോട്ട് ജില്ലയിലെ പുത്തഗ്രാമിൽ ജനിച്ച സയ്യിദ് ജലാലുദ്ദീൻ സ്വന്തം ഗ്രാമത്തിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഉമറാബാദ് ജാമിഅ ദാറുസ്സലാമിൽനിന്ന് ഇസ്‌ലാമിക വിജ്ഞാനീയത്തിലും അറബി ഭാഷയിലും വ്യുൽപത്തി നേടി. തുടർന്ന് മദ്രാസ്, അലീഗഢ് സർവകലാശാലകളിൽനിന്ന് ബിരുദങ്ങളെടുത്തു.

1956-ൽ ജമാഅത്തെ ഇസ്‌ലാമി അംഗമായ മൗലാനാ ഉമരിയുടെ ആദ്യകാല പ്രവർത്തനകേന്ദ്രം അലീഗഢ് ആയിരുന്നു. പത്തു വർഷം ജമാഅത്തെ ഇസ്‌ലാമി അലീഗഢ് പ്രാദേശിക അമീറായിരുന്നു. വിഖ്യാത പണ്ഡിതൻ മൗലാനാ സ്വദ്‌റുദ്ദീൻ ഇസ്‌ലാഹിയുടെ കീഴിൽ ഗവേഷണ പരിശീലനം നടത്തിയ ശേഷം പ്രശസ്ത ഗവേഷണ സ്ഥാപനമായ ഇദാറെ തഹ്ഖീഖാത്തെ ഇസ്‌ലാമിയുടെ പ്രസിഡന്റായി. അഞ്ചു വർഷക്കാലം *സിന്ദഗി നൗ* ഉർദു മാസികയുടെ പത്രാധിപരായി സേവനമനുഷ്ഠിച്ചു. 25 വർഷമായി ഗവേഷണ മാസികയായ *തഹ്ഖീഖാത്തെ ഇസ്‌ലാമി*യുടെ പത്രാധിപരാണ്. അഅ്സംഗഢിലെ ബലേറിയാഗഞ്ച് ജാമിഅ ഫലാഹിയ്യ ചാൻസലർ, അലീഗഢ് സിറാജുൽ ഉലൂം ഗേൾസ് കോളേജ് മാനേജിംഗ് ഡയറക്ടർ, വാറംഗൽ (ആന്ധ്ര) ജാമിഅത്തുസ്വുഫ്ഫ ചാൻസലർ എന്നീ സ്ഥാനങ്ങൾ വഹിക്കുന്ന ഇദ്ദേഹം 35 ഓളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പല കൃതികളും വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അഖിലേന്ത്യാ മുസ്‌ലിം വ്യക്തിനിയമ ബോർഡിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളായ മൗലാനാ ഉമരി അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിക്കുകയുണ്ടായി.

**ജലാലുദ്ദീൻ ഉമരിയുടെ കൃതികൾ**

1. ഗൈർ മുസ്‌ലിമോം സെ തഅല്ലുഖാത്ത് ഔർ ഉൻകെ ഹുഖൂഖ്
2. ഇസ്‌ലാം- ഇൻസാനീ ഹുഖൂഖ് കാ പാസ്ബാൻ
3. ഗൈർ ഇസ്‌ലാമീ രിയാസത്ത് ഔർ മുസൽമാൻ
4. സിഹത്ത് വൊ മറസ് ഔർ ഇസ്‌ലാമീ തഅ്‌ലീമാത്ത് (വിവ: മലയാളം)
5. ഖുദാ ഔർ റസൂൽ കാ തസവ്വുർ-ഇസ്‌ലാമീ തഅ്‌ലീമാത്ത് മേം
6. മഅ്റൂഫ് വൊ മുൻകർ (വിവ: അറബി, ഇംഗ്ലീഷ്, ടർക്കിഷ്, ഹിന്ദി, തമിഴ്, ബംഗാളി).
7. ഇസ്‌ലാം കീ ദഅ്‌വത്ത് (വിവ: ഇംഗ്ലീഷ്, തെലുങ്ക്, കന്നട).
8. ഇസ്‌ലാം ഏക് ദീനെ ദഅ്‌വത്ത് (വിവ: ഇംഗ്ലീഷ്)
9. ഹിന്ദുസ്താൻ മേം ഇസ്‌ലാം കീ ദഅ്‌വത്ത്-അഹമ്മിയത്ത് ഔർ തഖാസേ.
10. ഔരത്ത്-ഇസ്‌ലാമീ മുആശറ മേം (വിവ: ബംഗാളി)
11. മുസൽമാൻ ഔരത്ത് കെ ഹുഖൂഖ് ഔർ ഉൻ പർ ഇഅ്തിറാസാത്ത് കാ ജാഇസ (വിവ: ഇംഗ്ലീഷ്).
12. ഔരത്ത് ഔർ ഇസ്‌ലാം (വിവ: ഇംഗ്ലീഷ്, ഹിന്ദി, മറാഠി, ഗുജറാത്തി).
13. മുസൽമാൻ ഖവാതീൻ കീ സിമ്മദാരിയാം (വിവ: ഇംഗ്ലീഷ്, തമിഴ്).
14. ഇസ്‌ലാം കാ ആഇലീ നിസാം
15. ബച്ചെ ഔർ ഇസ്‌ലാം (വിവ: ഹിന്ദി, മലയാളം).
16. ദൗലത്ത് മേം ഖുദാ കാ ഹഖ് (വിവ: മറാഠി).
17. ഇൻഫാഖ് ഫീ സബീലില്ലാഹ്.
18. ഇൻസാൻ ഔർ ഉസ്കെ മസാഇൽ (വിവ: ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക്, മറാഠി).
19. ഇസ്‌ലാം ഔർ മുശ്കിലാത്തെ ഹയാത്ത്
20. ഖുദാ കീ ഗുലാമീ- ഇൻസാൻ കീ മിഅ്റാജ് (വിവ: തെലുങ്ക്, മറാഠി).
21. ഇസ്‌ലാം ഔർ വഹ്ദത്തെ ബനീ ആദം (വിവ: ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക്, മറാഠി, ഗുജറാത്തി, കന്നട).
22. ഇസ്‌ലാം മേം ഖിദ്മത്തെ ഖൽഖ് കാ തസവ്വുർ (വിവ: ഇംഗ്ലീഷ്, ഹിന്ദി, മലയാളം, തമിഴ്).
23. ഇൻസാനോം കീ ഖിദ്മത്ത്- ഇസ്‌ലാം കീ നസർ മേം (വിവ: തെലുങ്ക്, മറാഠി).
24. ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്-പസ്മൻസർ, ഖിദ്മാത്ത് ഔർ ത്വരീഖകാർ (വിവ: മറാഠി).
25. ഹം തഹ്‌രീകെ ഇസ്‌ലാമീ കെ കാർകുൻ കൈസേ ബനീ?
26. മുൽക് വൊ മില്ലത്ത് കെ നാസിൽ മസാഇൽ ഔർ ഹമാരി സിമ്മദാരിയാം
27. യെ മുൽക് കിധർ ജാ രഹാഹെ? (വിവ: ഹിന്ദി).
28. വഖ്തെ ഹിസാബ് (വിവ: തെലുങ്ക്, ഹിന്ദി).
29. ഇസ്‌ലാം കാ ശൂറാഈ നിസാം
30. ഫിഖ്ഹീ ഇഖ്തിലാഫാത്ത് കീ ഹഖീഖത്ത്
31. സോയെ ഹറം ചലാ.
32. ഇസ്‌ലാം ഔർ ഇൻസാനീ ഹുഖൂഖ്
33. ബഅസ് അഹം ഇസ്‌ലാമീ ഇസ്തിലാഹാത്ത് ഔർ ഉൻകീ തശ്‌രീഹ്.

# നുസ്രത്ത് അലി അഖിലേന്ത്യാ സെക്രട്ടറി ജനറൽ

**ന്യൂദൽഹി:** ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി ജനറൽ (ഖയ്യിം) ആയി നുസ്രത്ത് അലിയെ അഖിലേന്ത്യാ അമീർ മൗലാനാ സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരി നിയമിച്ചു. ഉത്തർപ്രദേശിലെ മീററ് സ്വദേശിയായ നുസ്രത്ത് അലി (50) 2003 മുതൽ സംഘടനാ കാര്യങ്ങളുടെ ചുമതലയുള്ള കേന്ദ്ര അസിസ്റ്റന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു.

1983-ൽ ജമാഅത്തിൽ അംഗത്വമെടുത്ത നുസ്രത്ത് അലി ഉത്തർപ്രദേശിലെ ഫലാഹെ ആം സൊസൈറ്റിയുടെ കീഴിലുള്ള വിദ്യാഭ്യാസ സംരംഭങ്ങളിൽ വിവിധ ചുമതലകൾ വഹിക്കുകയുണ്ടായി. 1990 മുതൽ 1995 വരെ ലഖ്നൗ മേഖലാ നാസിമായിരുന്നു. 1995 മുതൽ 2003 വരെ ഉത്തർപ്രദേശ് ഹൽഖാ അമീറായി സേവനമനുഷ്ഠിച്ചു. പൊളിറ്റിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദധാരിയായ ഇദ്ദേഹമായിരുന്നു 1987-'88 വർഷത്തിൽ എസ്.ഐ.ഒ യു.പി സംസ്ഥാന സെക്രട്ടറി. എഫ്.ഡി.സി.എ ഉത്തർപ്രദേശ് സംസ്ഥാന സെക്രട്ടറി കൂടിയായിരുന്നു.

# ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് കേന്ദ്ര പ്രതിനിധിസഭ – മജ്‌ലിസെ നുമാഇന്ദഗാൻ – അംഗങ്ങൾ (2007 – 2011)

**കേന്ദ്രം**

സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരി
ഡോ. അബ്ദുൽ ഹഖ് അൻസാരി
മുഹമ്മദ് ജഅ്ഫർ
മൗലാനാ സിറാജുൽ ഹസൻ
മൗലാനാ മുഹമ്മദ് ശഫീഅ് മൂനിസ്
ഇഅ്ജാസ് അഹ്മദ് അസ്‌ലം
സയ്യിദ് ഗുലാം അക്ബർ
പ്രഫ. കെ.എ സിദ്ദീഖ് ഹസൻ
മൗലാനാ മുഹമ്മദ് റഫീഖ് ഖാസിമി
മുഹമ്മദ് അശ്ഫാഖ് അഹ്മദ്

**കേന്ദ്ര ഹൽഖ**

നുസ്രത്ത് അലി

**പഞ്ചാബ്**

റമദാൻ സഈദ്

**രാജസ്ഥാൻ**

മുഹമ്മദ് സലീം എഞ്ചിനീയർ
സയ്യിദ് അഅ്സം അലി

**മധ്യപ്രദേശ് & ഛത്തീസ്ഗഢ്**

മുഹമ്മദ് മുഹ്സിൻ
അബ്ദുൽ അഹദ് ഖാൻ
മുഹമ്മദ് അബ്ദുല്ലത്വീഫ് ഖാൻ
മുഹമ്മദ് യൂനുസ്
മുഹമ്മദ് സലീം ഖാൻ
മുഹമ്മദ് ഇബ്റാഹീം ഖുറൈശി

**മഹാരാഷ്ട്ര**

റിയാസ് അഹ്മദ് ഖാൻ
നസ്ർ മുഹമ്മദ് മദ്ഊ
ഡോ. ജാവേദ് മുകർറം സിദ്ദീഖി
തൗഫീഖ് അസ്‌ലം ഖാൻ
സയ്യിദ് അസീസ് മുഹ്‌യിദ്ദീൻ
മുഹമ്മദ് സമീഅ്
ശൈഖ് മതീൻ
മുഹമ്മദ് അസ്‌ലം ഗാസി
മുഹമ്മദ് അബ്ദുൽ ഖയ്യൂം
മുഹമ്മദ് ഇബ്റാഹീം ഖാൻ
ഉബൈദ് ഇലാഹി ഖാൻ
രിദ്‌വാനുർറഹ്മാൻ ഖാൻ
അത്വിയ്യ സിദ്ദീഖ

**കർണാടക & ഗോവ**

ഇബ്റാഹീം സഈദ്
മുഹമ്മദ് അബ്ദുല്ല ജാവേദ്
ശബ്ബീർ അഹ്മദ് ഖാൻ
മുഹമ്മദ് അത്വ്ഹറുല്ലാ ശരീഫ്
സയ്യിദ് ഹാമിദ് ഹുസൈൻ
ശാഹിദ് മേമൻ
മുഹമ്മദ് സഅദ് ബൽഗാമി
മുഹമ്മദ് ഫഹീമുദ്ദീൻ
എസ്. അമീനുൽ ഹസൻ

**ദൽഹി & ഹരിയാന**

ഡോ. മുഹമ്മദ് റഫ്അത്ത്
ഡോ. എസ്.ക്യൂ.ആർ ഇൽയാസ്

**ആസാം**

അബുൽ ഹുസൈൻ സ്വാബിരി

**പശ്ചിമ ബംഗാൾ**

ഡോ. റഈസുദ്ദീൻ അഹ്മദ്
ഡോ. മസീഹുർറഹ്മാൻ
മുഹമ്മദ് നൂറുൽ ഇസ്‌ലാം
അബ്ദുൽ അസീസ്
ശൈഖ് നസീം അലി
റഹ്മത്ത് അലി ഖാൻ
മുഹമ്മദ് അബ്ദുർറഫീഖ്
ഡോ. മുഹമ്മദ് അബ്ദുൽ ഹയ്യ്

**ബിഹാർ**

ഖമറുൽ ഹുദാ
നയ്യറുസ്സമാൻ
അഹ്മദലി അഖ്തർ
മുഹമ്മദ് ഫാറൂഖ് നദ്‌വി
ശബ്ബീർ ആലം ഖാൻ

**ഗുജറാത്ത്**

മുഹമ്മദ് ശഫീഅ് മദനി

**ആന്ധ്രാ പ്രദേശ് & ഒറീസ**

അബ്ദുൽ ബാസിത്വ് അൻവർ
എസ്.എം. മലിക്
ഖാജാ ആരിഫുദ്ദീൻ
മൗലാനാ അബ്ദുൽ അസീസ്
ഹാമിദ് മുഹമ്മദ് ഖാൻ
ഫഹീമുദ്ദീൻ അഹ്മദ്
മലിക് മുഅ്തസിം ഖാൻ
മുഹമ്മദ് അസ്ഹറുദ്ദീൻ
എസ്.എസ്. ഹുസൈനി
എം.എൻ. ബേഗ് സാഹിദ്
സയ്യിദ് ശകീൽ അഹ്മദ് അൻവർ
അബ്ദുർറബ്ബ് മുജാഹിദ് ലത്വീഫി
നാസ്വിറാ ഖാനം
അബ്ദുൽ ജബ്ബാർ സിദ്ദീഖി
മുഹമ്മദ് മസ്ഊദ് മുജാഹിദ്
അബ്ദുർറഖീബ് ലത്വീഫി
അബുന്നസ്ർ ആബിദ്
മുഹമ്മദ് അബ്ദുൽ അസീസ്
ഡോ. ഖാലിദ് മുബശ്ശിറുസ്സഫർ

**തമിഴ്നാട്**

എച്ച്. അബ്ദുർറഖീബ്
ജി. അബ്ദുർറഹീം

**ഝാർഖണ്ഡ്**

ഡോ. അഹ്മദ് സജ്ജാദ്
ഡോ. ഹസൻ രിദാ
അഹ്മദ് റിയാസ്

**ഉത്തർപ്രദേശ് (കിഴക്ക്)**

വലിയ്യുല്ലാ സഈദി ഫലാഹി
മൗലാനാ മുഹമ്മദ് സഹീർ
ആലം ഫലാഹി
നിസാമുദ്ദീൻ ഇസ്‌ലാഹി
മൗലാനാ ത്വാരിഖ് ഫാർഖലീത്വ്
അബ്ദുർറാഫിഅ് മസ്ഹരി
മഖ്ബൂൽ അഹ്മദ് ഫലാഹി
ഉബൈദുർറഹ്മാൻ അസ്ഹർ
മുഹമ്മദ് നസീം അശ്റഫ്
മുഹമ്മദ് ത്വാഹിർ മദനി
മുഹമ്മദ് അക്റം ഖാൻ

**ഉത്തർപ്രദേശ് (പടിഞ്ഞാറ്)**

ഡോ. ഫസ്‌ലുർറഹ്മാൻ ഫരീദി
മുഹമ്മദ് യൂസുഫ് ഇസ്‌ലാഹി
മുഹമ്മദ് അഹ്മദ്
സുൽത്വാൻ അഹ്മദ് ഇസ്‌ലാഹി
റളിയ്യുൽ ഇസ്‌ലാം നദ്‌വി
സ്വഫ്ദർ സുൽത്വാൻ ഇസ്‌ലാഹി
അഹ്സൻ മുസ്തഖീമി
മുഹമ്മദ് നഈം
മുഹമ്മദ് അബ്ദുൽ ഗനി ഖാൻ
മൗലാനാ സിറാജുദ്ദീൻ നദ്‌വി
ഹാഫിസ് മൻസൂർ ആലം

**കേരള & ആന്തമാൻ**

ടി.കെ. അബ്ദുല്ല
ടി. ആരിഫലി
എം.ഐ. അബ്ദുൽ അസീസ്
ശൈഖ് മുഹമ്മദ് കാരകുന്ന്
വി.കെ. അലി
പി.എ. അബ്ദുൽ ഹകീം
ഡോ. അബ്ദുസ്സലാം വാണിയമ്പലം
ഇ.എൻ. അബ്ദുല്ല മൗലവി
കെ.കെ. മമ്മുണ്ണി മൗലവി
കെ.എം. അബ്ദുൽ അഹദ് തങ്ങൾ
കൂട്ടിൽ മുഹമ്മദലി
കെ.എ. യൂസുഫ് ഉമരി
കെ.ടി. അബ്ദുർറഹീം
സി.ടി. സ്വാദിഖ് മൗലവി
എ. മുഹമ്മദലി
എം.കെ. മുഹമ്മദലി
പി.പി. അബ്ദുർറഹ്മാൻ
ഹൈദറലി ശാന്തപുരം
കെ. അബ്ദുല്ലാ ഹസൻ

# സൗഹൃദാഹ്വാനം മുഴക്കിയ ഐ.വൈ.എ സമ്മേളനം

**ദോഹ:** 'മാനവ സൗഹൃദത്തിന് യുവതയുടെ കാവൽ' എന്ന ശീർഷകത്തിൽ ഇസ്‌ലാമിക് യൂത്ത് അസോസിയേഷൻ (ഐ.വൈ.എ) ഖത്തർ ഘടകം സംഘടിപ്പിച്ച യുവജന സമ്മേളനം സംഘടനയുടെ ചരിത്രത്തിലെ നാഴികക്കല്ലായി. കേരളീയ സമൂഹം കാത്തുസൂക്ഷിച്ചുപോന്ന മതസൗഹാർദത്തിന്റെ ചരിത്രപാരമ്പര്യത്തെ, വർഗീയ സംഘർഷങ്ങളുടെ കുരുതിക്കളങ്ങളിലേക്ക് ഗതിമാറ്റാൻ സമ്മതിക്കില്ലെന്ന താക്കീതോടെയും സൗഹാർദാന്തരീക്ഷം സംരക്ഷിക്കാൻ സൗഹൃദകേരളത്തിന് കാവലിരിക്കുമെന്ന പ്രതിജ്ഞയോടെയുമാണ് മുഴുദിന സമ്മേളനത്തിന് തിരശ്ശീല വീണത്.

ഒരു മാസം നീണ്ട സമ്മേളന പ്രചാരണ പ്രവർത്തനങ്ങൾ വഴി, സമ്മേളനപ്രമേയം ഖത്തറിലെ പ്രവാസി മലയാളികൾക്കിടയിൽ സജീവ ചർച്ചാവിഷയമാക്കാൻ സാധിക്കുകയുണ്ടായി. ഫെബ്രുവരി 9-ന് ഖത്തർ ചാരിറ്റി ഹാളിൽ സംഘടിപ്പിച്ച യുവജനസമ്മേളന പ്രഖ്യാപനത്തിൽ എഴുനൂറിലേറെ പേർ സംബന്ധിച്ചു. ജമാഅത്തെ ഇസ്‌ലാമി കേരള അസി. സെക്രട്ടറി എം.കെ മുഹമ്മദലിയാണ് സമ്മേളന പ്രഖ്യാപനം നിർവഹിച്ചത്. വർഗീയ-സാമുദായിക ചിന്തകൾക്കെതിരിൽ മാനവികതയുടെ ഭാഷയിലും ശൈലിയിലും സംവദിച്ചുപോന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്, സാമുദായിക ധ്രുവീകരണത്തിന് വഴിവെക്കുന്ന അപക്വ ചെയ്തികൾക്കു നേരെ നിശ്ശബ്ദമായിരിക്കാൻ സാധ്യമല്ലെന്നും ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന മാനവികമൂല്യങ്ങൾക്കു വേണ്ടി നീതിയുടെയും ധർമത്തിന്റെയും പക്ഷത്ത് അത് അഭംഗുരം നിലകൊള്ളുമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് നടന്ന 'ഇസ്‌ലാം, ഇസ്‌ലാമിക പ്രസ്ഥാനം' തുറന്ന ചർച്ചയിൽ ഐ.പി.എച്ച് ഡയറക്ടർ ശൈഖ് മുഹമ്മദ് കാരകുന്ന് ആമുഖഭാഷണം നടത്തി. വി.ടി അബ്ദുല്ലക്കോയ, എം.കെ മുഹമ്മദലി, ശൈഖ് മുഹമ്മദ് കാരകുന്ന് എന്നിവർ ചോദ്യങ്ങൾക്ക് മറുപടി നൽകി. ഐ.ഐ.എ പ്രസിഡന്റ് സുബൈർ അബ്ദുല്ല അധ്യക്ഷത വഹിച്ചു.

'സൗഹൃദ കേരളം: നമ്മുടെ പങ്ക്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ടേബ്ൾ ടോക്കിൽ ദോഹയിലെ സാമൂഹിക-സാംസ്കാരികവേദികളുടെ സാരഥികൾ സംബന്ധിച്ചു. ഡോ. അബ്ദുസ്സലാം വാണിയമ്പലം മുഖ്യപ്രഭാഷണം നടത്തി. വി. സ്വാദിഖലി അധ്യക്ഷത വഹിച്ചു. അൽഖോർ സ്പോർട്സ് ക്ലബിൽ നടന്ന പ്രചാരണയോഗത്തിൽ ഫസ്‌ലുർറഹ്മാൻ കൊടുവള്ളി സംസാരിച്ചു. ഐ.വൈ.എ പ്രസിഡന്റ് കെ.ടി അബ്ദുർറഹ്മാൻ അധ്യക്ഷത വഹിച്ചു. ദോഹയിലെ വിവിധ സ്കൂളുകളിലെ അധ്യാപകരുടെ സംഗമത്തിൽ, ഫ്രണ്ട്സ് കൾച്ചറൽ സെന്റർ ഡയറക്ടർ വി.ടി. അബ്ദുല്ലക്കോയ സമ്മേളന പ്രമേയം വിശദീകരിച്ചു. നാൽപതോളം പള്ളികളിൽ പ്രമേയത്തെ അധികരിച്ച് പ്രഭാഷണങ്ങൾ നടന്നു.

ഖത്തർ പ്രിപ്പറേറ്ററി സ്കൂൾ കാമ്പസിൽ മാർച്ച് 23 രാവിലെ 8.30 -ന് ആരംഭിച്ച പ്രവർത്തക സംഗമത്തോടെയാണ് സമ്മേളനത്തിന് തുടക്കമായത്. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം, ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ, സംസ്ഥാന പ്രവർത്തകസമിതിയംഗം ഖാലിദ് മൂസാ നദ്‌വി എന്നിവർ സംസാരിച്ചു. കെ.ടി അബ്ദുർറഹ്മാൻ അധ്യക്ഷത വഹിച്ചു.

ജുമുഅാനന്തരം ആരംഭിച്ച പ്രതിനിധിസമ്മേളനം യുവാക്കളുടെ വർധിച്ച പ്രാതിനിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു. ആയിരത്തിനാനൂറോളം പ്രതിനിധികൾ സംബന്ധിച്ചു. 'സമുദായ സുരക്ഷ ഇന്ത്യൻ സാഹചര്യത്തിൽ' എന്ന വിഷയം ഖാലിദ് മൂസാ നദ്‌വി അവതരിപ്പിച്ചു. മുസ്‌ലിം ന്യൂനപക്ഷത്തിനെതിരായ നീതിനിഷേധങ്ങളും പീഡനങ്ങളും ജനാധിപത്യത്തെയും നിയമവാഴ്ചയെയും ശക്തിപ്പെടുത്തിയാണ് പ്രതിരോധിക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. 'ഇസ്‌ലാമിക സമൂഹം സവിശേഷതകൾ' എന്ന വിഷയം പി. മുജീബുർറഹ്മാൻ അവതരിപ്പിച്ചു. സദസ്യരുടെ സംശയങ്ങൾക്ക് ഖാലിദ് മൂസാ നദ്‌വി, വി.ടി അബ്ദുല്ലക്കോയ തങ്ങൾ എന്നിവർ മറുപടി നൽകി.

മൂവായിരത്തോളം പേർ പങ്കെടുത്ത പൊതുസമ്മേളനം 'ഫനാർ' പബ്ലിക് റിലേഷൻ മേധാവി അബ്ദുല്ലാ അൽഹമ്മാദി ഉദ്ഘാടനം ചെയ്തു. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം മുഖ്യ പ്രഭാഷണം നടത്തി. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടി ആറു പതിറ്റാണ്ടോളം പിന്നിട്ടിരിക്കെ, പുതിയൊരു സ്വാതന്ത്ര്യ സമരത്തിന് കേരളീയ നഗരങ്ങളിലും ഗ്രാമങ്ങളിലും തുടക്കം കുറിക്കപ്പെട്ടുകഴിഞ്ഞതായി അദ്ദേഹം അഭിപ്രായപ്പെട്ടു. അധിനിവേശത്തിന്റെ നാനാരൂപങ്ങൾക്കെതിരിലുള്ള പോരാട്ടം ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യ താൽപര്യമായി മാറിയിരിക്കുകയാണെന്നും വിപ്ലവ പാർട്ടികൾ പോലും സാമ്രാജ്യത്വവിരോധം താൽപര്യാനുസൃതം കൈയൊഴിച്ചുകൊണ്ടിരിക്കെ, സോളിഡാരിറ്റി ആ ധർമം ഇപ്പോൾ കേരളത്തിൽ നിർവഹിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ സമ്മേളനപ്രമേയം വിശദീകരിച്ചു. മതമൈത്രിയുടെയും സൗഹൃദത്തിന്റെയും ഇന്ത്യനവസ്ഥയെ പരസ്പര ശാത്രവത്തിലേക്ക് ഗതിമാറ്റിയത് ബ്രിട്ടീഷുകാരുടെ കുതന്ത്രമായിരുന്നുവെന്നും സാമ്രാജ്യത്വ അജണ്ടയെ സൗഹൃദത്തിന്റെ ശക്തികൊണ്ട് പരാജയപ്പെടുത്തേണ്ടത് നമ്മയെ സ്നേഹിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്നും അദ്ദേഹം പറഞ്ഞു. ബഹുസ്വര സമൂഹത്തിൽ ഇതര മതവിഭാഗങ്ങളോട് എങ്ങനെ പെരുമാറണമെന്ന് ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്. ഈ തിരിച്ചറിവിന്റെ ശക്തിയായിരുന്നു മുൻകാല മുസ്‌ലിം സമൂഹങ്ങൾക്ക് ലോകത്തിനു മുമ്പിൽ സഹവർത്തിത്വത്തിന്റെ മാതൃകകൾ രചിക്കാൻ പ്രേരകമായത്. ഈ പാഠങ്ങൾ വിസ്മരിച്ചാൽ, സമൂഹത്തിന്റെ കുഴതെറ്റുകയായിരിക്കും ഫലമെന്ന് അദ്ദേഹം പറഞ്ഞു. ഐ.ഐ.എ പ്രസിഡന്റ് സുബൈർ അബ്ദുല്ല ആശംസയർപ്പിച്ചു. സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കിയ 'മാനവീയം' സോവനീറിന്റെ പ്രകാശനം കെ. സുബൈർ അബ്ദുല്ലക്കും പ്രഖ്യാപന സമ്മേളനത്തോടനുബന്ധിച്ച് നടന്ന 'ഇസ്‌ലാം, ഇസ്‌ലാമിക പ്രസ്ഥാനം- തുറന്ന ചർച്ച'യുടെ സി.ഡി ഐ.ഐ.എ ജനറൽ സെക്രട്ടറി അബ്ദുർറഹ്മാൻ പുറക്കാടിനും നൽകി അബ്ദുൽ ഹമീദ് വാണിയമ്പലം നിർവഹിച്ചു. കെ.ടി അബ്ദുർറഹ്മാൻ അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ സ്വാദിഖലി സ്വാഗതവും മുഹമ്മദ് ശബീർ നന്ദിയും പറഞ്ഞു.

**ഫസ്‌ലുർറഹ്മാൻ കൊടുവള്ളി**